**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1302** **12-02-2025 - ൽ മറുപടിയ്ക്ക്**

**സീപ്ലെയിൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം വികസനത്തിന്റെ ഭാഗമായി കടലിലും കായലിലും ചെറിയ റൺവേകളിലും ഇറങ്ങാൻ കഴിയുന്ന സീപ്ലെയിൻ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സീപ്ലെയിൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരീക്ഷണപറക്കൽ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്.<br><br>കൊച്ചി ബോൾഗാട്ടി പാലസിൽ 2024 നവംബർ 10, 11 തീയതികളിൽ സീ പ്ലെയിൻ ലോഞ്ച് ചെയ്യുന്നതുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ (ഫോട്ടോ & വീഡിയോ കവറേജ്, ബാനർ, പോസ്റ്റർ, പ്ലക്കാർഡ്, ലോക്കൽ പ്രൊമോഷൻ, ഇൻവിറ്റേഷൻ & പ്രിന്റിങ്, പഗോഡ) വകുപ്പ് വഴി നടപ്പിലാക്കിയിട്ടുണ്ട്.<br><br>സീപ്ലെയിൻ ടൂറിസം, ഹെലിപ്പോർട്ടുകൾ, ചെറിയ വിമാനത്താവളങ്ങൾ എന്നിവ വികസിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി, 2025-2026 സാമ്പത്തിക വർഷം, ബജറ്റിൽ 20 കോടി രൂപ വകയിരുത്തിയതായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | ടൂറിസം മേഖലയ്ക്ക് ഗുണകരമായ പ്രസ്തുത പദ്ധതി നടത്തിപ്പിന് ടൂറിസം സംരംഭകരുമായി ചർച്ച നടത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ആദ്യഘട്ടമായി ഡാമുകൾ കേന്ദ്രീകരിച്ച് സീപ്ലെയിൻ പദ്ധതി ആരംഭിക്കുന്നതിനാണ് നിലവിൽ ധാരണ. |

സെക്ഷൻ ഓഫീസർ